മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

വാർഡ് *6*

പുവത്താംകുന്ന്

കായണ്ണ പഞ്ചായത്ത്

കോഴിക്കോട് ജില്ല

ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുകയും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കതെ ഗ്രാമീണജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് *100* ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഈ പദ്ധതി കൊണ്ട് രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്ന നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും, നിർണയിക്കപ്പെട്ട ഇരിക്കുന്ന വേദനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നതിന് ഉറപ്പുവരുത്തുന്നതിനും തൊഴിലുറപ്പ് നിയമം *2005* ആഗസ്റ്റ് *23* ആം തീയതി ആണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്. വയനാട് പാലക്കാട് ജില്ലകളിലാണ് ആദ്യമായി തൊഴിലുറപ്പ് പദ്ധതി തുടക്കമിട്ടത്. ശേഷം മറ്റു ജില്ലകളിലേക്ക് വ്യാപിക്കുകയായിരുന്നു.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കണം എന്നുള്ളത് ഈ നിയമത്തിന്റെ സവിശേഷതയാണ്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് *15* ദിവസത്തിനുള്ളിൽ എങ്കിലും തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. ഇതുപോലെതന്നെ എടുത്ത തൊഴിലിനെ വേതനം *14* ദിവസത്തിലതികം വൈകിയാൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. ഇത് തൊഴിലുറപ്പുപദ്ധതി മറ്റൊരു സവിശേഷതയാണ്.

2007 മെയ് *15*ന് *130* ജില്ലകളിലേക്ക് കൂടി വ്യാപിച്ചു. ഇടുക്കി, കാസർകോട് ഇതിൽ

ഉൾപ്പെടുന്നവയാണ്. *2008* ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിച്ചു. ഇന്ത്യയിലെ എല്ലാ ഗ്രാമീണ പ്രദേശങ്ങളിലും ഈ പദ്ധതി നിലവിലുണ്ട്. കൂടാതെ നഗരപ്രദേശങ്ങളിൽ ഈ പദ്ധതി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്ന പേരിലും അറിയപ്പെടുന്നു നു. ഇത് കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നഗര ദാരിദ്ര ലഘൂകരണ ത്തിന് നടപ്പിൽ വരുത്തുന്ന പദ്ധതിയാണ്.

ദാരിദ്ര്യ നിർമാർജനത്തിന് വഴിത്തിരിവ് സൃഷ്ടിച്ച ഒരു പദ്ധതി എന്ന നിലയിൽ *2009* ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് നാമകരണം ചെയ്യുകയുണ്ടായി.

മുഖ്യ ലക്ഷ്യങ്ങൾ

. അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം *100* ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്ന അതോടൊപ്പം ഗുണമേന്മയുള്ളതും താഴെ ആയിട്ടുള്ളതും ഉൽപാദനക്ഷമതവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

. ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.

. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്തുക.

. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

സവിശേഷതകൾ

. നിയമനത്തിന്റെ പിൻബലത്തിൽ ഉള്ള അവകാശാധിഷ്ഠ പദ്ധതി

. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന *18*വയസ്സ് പൂർത്തിയായ ഏതൊരു ആൾക്കും പദ്ധതിയിൽ പങ്കാളിയാകാം

. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം

. പാരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യം വികസനം എന്നിവയ്ക്ക് മുൻഗണന

. തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുക ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാനും അവസരം

. ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത

. കരാറുകാരുടെ ഇടനിലക്കാരോ ഇല്ല

. പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്

. ബാങ്ക് അഥവാ പോസ്റ്റ് വഴി മാത്രം വേതന വിതരണം

. സ്ത്രീകൾക്ക് മുൻഗണന

. കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം

. ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു*(* സോഷ്യൽ ഓഡിറ്റ് സംവിധാനം*)*

. പരാതി പരിഹാര സംവിധാനം

കായണ്ണ ഗ്രാമപഞ്ചായത്ത്

പേരാമ്പ്ര ബ്ലോക്കിൽ ഉൾപ്പെടുന്ന കായണ്ണ ഗ്രാമപഞ്ചായത്ത് നല്ല രീതിയിലുള്ള തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ജോയിന്റ് *bdo*, അക്രെഡിറ്റഡ് എഞ്ചിനീയർ, അക്കൗണ്ടന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും പഞ്ചായത്ത് തലത്തിൽ സെക്രട്ടറി. അസിസ്റ്റന്റ് സെക്രട്ടറി അക്രെഡിറ്റഡ് എഞ്ചിനീയർ ഓഫീസർ, അക്കൗണ്ടന്റ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും അവരുടെ സേവനം ഈ പദ്ധതിക്കുവേണ്ടി നൽകുന്നു. *2008 19* വർഷത്തിൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും കുടുംബങ്ങൾക്ക് *100* തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിലാളികൾക്ക് *10* അവകാശങ്ങൾ പ്രധാനം ചെയ്യുന്നു അവ ഏതൊക്കെ എന്ന് ചുവടെ ചേർക്കുന്നു

1. തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം

2. അപേക്ഷിച്ച് *15* ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശം. ആയതിനെ കൈപ്പറ്റ് രസീത് ലഭിക്കുവാൻ ഉള്ള അവകാശം.

3. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം*(* ആദ്യത്തെ *30* ദിവസം കൂലിയുടെ *1/4 &* പിന്നീടുള്ള ദിവസങ്ങളിൽ*1/2* ഭാഗം*)*

4. സെൽഫ് പ്രൊജക്ട് തയ്യാറാക്കുവാൻ ഉള്ള അവകാശം

5. അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് *10%* അധികം

6. കുടിവെള്ളം, വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷ സൗകര്യം ശിവ ലഭിക്കുന്നതിനുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

8. വേദന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാൻ ഉള്ള അവകാശം

9. സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്താനുള്ള അവകാശം

അവകാശങ്ങളുമായി ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നും ചോദിച്ചറിഞ്ഞ് വിവരങ്ങൾ

* തൊഴിൽ കാർഡ്

സഞ്ജീവ് തൊഴിലാളികൾക്ക് പുതിയ തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. എന്നാൽ ഞങ്ങൾ സന്ദർശിച്ച് പ്രദേശത്തെ മിക്ക തൊഴിലാളികളും തൊഴിൽ കാർഡിലും പഞ്ചായത്തിലെ സീൻ തുടങ്ങിയവ കാണുവാൻ സാധിച്ചിട്ടില്ല.

തൊഴിൽ കാർഡിൽ നൽകിയിരിക്കുന്ന ഫോട്ടോ സ്വന്തം ചെലവിലാണ് അവർ എടുത്തതെന്ന് അഭിപ്രായപ്പെട്ടു.

* തൊഴിൽ അപേക്ഷ

പോസ്റ്റ് പ്രവർത്തികൾക്കായി തൊഴിലാളികൾ ഇതുവരെ വ്യക്തിപരമായി അപേക്ഷ നൽകിയിട്ടില്ല. തൊഴിലിന് അപേക്ഷിച്ച് *14* ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാത്ത സാഹചര്യം പലപ്പോഴായി ഉണ്ടാകാറുണ്ടെന്ന് തൊഴിലാളികളിൽ നിന്നുമുള്ള അഭിമുഖസംഭാഷണത്തിൽ അറിയുവാൻ സാധിച്ചു. എന്നാൽ ഈ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേദന ഇതുവരെ ലഭിച്ചിട്ടില്ല എന്നും ഇവരിൽ നിന്നും അറിയുവാൻ കഴിഞ്ഞു.

* കൂലി നഷ്ട പരിഹാരം

തൊഴിലുറപ്പ് നിയമപ്രകാരം പ്രവർത്തി കഴിഞ്ഞ *15* ദിവസത്തിനുള്ളിൽ വേതനം ലഭിക്കേണ്ട അവകാശം തൊഴിലാളികൾക്ക് ഉണ്ട്. തൊഴിലാളികളും ആയുള്ള അഭിമുഖത്തിന് ഭാഗമായി അറിയാൻ കഴിഞ്ഞത് കഴിഞ്ഞ പണിയുടെ പുലി ഇതുവരെ ലഭിച്ചിട്ടില്ല എന്നതാണ്.

* തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

കുടിക്കുവാനുള്ള വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭിക്കേണ്ടതുണ്ട് തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ *2 para 23-28* കേന്ദ്ര വാർഷിക മാസ്റ്റർ സർക്കുലർ *8, 8.2* അനുശാസിക്കുന്നുണ്ട്. തൊഴിലാളികളുമായി ഉള്ള സംഭാഷണത്തിൽ അറിയാൻ കഴിഞ്ഞത്. പ്രവർത്തി സ്ഥലത്ത് വേണ്ട സൗകര്യങ്ങൾ ഒന്നും തന്നെ ലഭിച്ചിരുന്നില്ല എന്നും തൊഴിലാളികൾ തന്നെ വെള്ളം കൊണ്ടുവരുകയാണ് എന്നാണ് അറിയാൻ കഴിഞ്ഞത്. പ്രഥമ ശുശ്രൂഷ കിറ്റുകൾ തണൽ എന്നിവ പണി സ്ഥലങ്ങളിൽ ലഭ്യമായിട്ടില്ല.

* സെൽഫ് പ്രൊജക്റ്റ് തയ്യാറാക്കുവാൻ ഉള്ള അവകാശം

ഷെൽഫ് പ്രോജക്ടിലെ വിഭാഗം ഫണ്ണി കളിലും തൊഴിലാളികളുടെ പങ്കാളിത്തം ഉണ്ടാകാറില്ല.

*** അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം**

തൊഴിലുറപ്പ് നിയമം ഷെഡ്യൂ*2 para18* കേന്ദ്ര വാർഷിക സർക്കുലർ ചാപ്റ്റർ *17* എന്നിവയിൽ തൊഴിലാളികൾക്ക് അഞ്ച് കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കണമെന്ന് അനുശാസിക്കുന്നു. വാർഡിലെ മുഴുവൻ തൊഴിലാളികൾക്കും അഞ്ചു കിലോമീറ്ററിനുള്ളിൽ തന്നെ തൊഴിൽ ലഭിക്കുന്നുണ്ടെന്ന് തൊഴിലാളികൾ അറിയിച്ചു.

*** സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം**

പരാതികൾ രേഖപ്പെടുത്തിയിരിക്കുന്ന പരാതി രജിസ്റ്ററിൽ യാതൊരു പരാതിയും കാണുവാൻ സാധിച്ചിട്ടില്ല.

*** സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം**

തൊഴിലുറപ്പ് നിയമം സെക്ഷൻ*17(2)* സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി പ്രത്യേക കമ്മിറ്റി നിലവിലുണ്ട് എന്ന് ഫീൽഡ് പരിശോധനയിൽ മനസ്സിലായി. കമ്മറ്റി അംഗങ്ങൾ ഫീൽഡ് പരിശോധന നടത്താറില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഫയലുകളിൽ ഒന്നുംതന്നെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തിയതിന്റെ കോപ്പി കാണുവാൻ സാധിച്ചിട്ടില്ല.

7 രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭാ രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

2018-19 സാമ്പത്തികവർഷത്തെ രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ, പരാതി രജിസ്റ്ററിൽ യാതൊരു

വിധത്തിലുള്ള പരാതികളും രജിസ്റ്ററിൽ കാണാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഗ്രാമസഭ രജിസ്റ്ററും തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ എന്നിവയും കാണാൻ കഴിഞ്ഞിട്ടില്ല.

കേന്ദ്ര സർക്കാർ നിർദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്

- കവർപേജ്
- ചെക്ക് ലിസ്റ്റ്
- ആക്ഷൻ പ്ലാൻ/ ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
- സാങ്കേതിക എസ്റ്റിമേറ്റും ഡീറ്റെയിൽസും അടങ്ങിയ സാങ്കേതിക അനുമതിയുടെ കോപ്പി
- ഭരണാനുമതി കോപ്പി
- സാങ്കേതികാനുമതി കോപ്പി
- സംയോജിത പദ്ധതി വിശദാംശങ്ങൾ
- തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
- തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
- പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി
- മെഷർമെന്റ് ബുക്കിന്റെ കോപ്പി
- സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരറ്റീവ് സ്റ്റേറ്റ്മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി
- വെയ്ജ് ലിസ്റ്റ് കോപ്പി
- വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചത്തിന്റെയും *FTO* യുടെയും കോപ്പി
- മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി
- തൊഴിലിന്റെ മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോകൾ
- പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി
- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്
- ആസ്തിയുടെ ജിയോൺ ടാഗ് ഫോട്ടോകൾ
- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

- സൈറ്റ് ഡയറി

കണ്ടെത്തലുകൾ

ഫയൽ പരിശോധനയ്ക്കിടയിൽ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺ കണ്ടെത്തുവാൻ സാധിച്ച വസ്തുതകൾ താഴെ ചേർക്കുന്നു.

1. കവർപേജ്

പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണ് കവർപേജ്.

പരിശോധിച്ച *13* ഫയലുകളിലും *AMC* പ്രകാരമുള്ള കവർ പേജ് കാണുവാൻ സാധിച്ചില്ല.

2. ചെക്ക് ലിസ്റ്റ്

ഒരു പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ, ഏത് പേജിൽ സൂക്ഷിച്ചിരിക്കുന്നു എന്നു മനസ്സിലാക്കുവാനുള്ള രേഖയാണ് ചെക്ക് ലിസ്റ്റ്.

പരിശോധിച്ച് *13* ഫയലുകളിലും കണ്ട് അടങ്ങിയ ചെക്ക് ലിസ്റ്റ് കാണുവാൻ കഴിഞ്ഞിട്ടില്ല എന്നാൽ ഫീൽഡ് തല ചെക്ക്ലിസ്റ്റ് എല്ലാ ഫയലുകളും കണ്ടു. എന്നാൽ ചില ഭാഗങ്ങൾ ഫിൽ അല്ലായിരുന്നു.

3. ആന്വൽ ആക്ഷൻ പ്ലാൻ

പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് സാമ്പത്തിക വത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്നു തെളിയിക്കുന്ന രേഖയാണിത്. *13* ഫയലുകളുടെ പരിശോധനയിൽ ആനുവൽ ആക്ഷൻ പ്ലാൻ കാണാൻ സാധിച്ചില്ല.

4. ഭരണാനുമതി

പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന ഭരണാനുമതി യാണ് ഭരണാനുമതി രേഖ. ന്യൂ പരിശോധിച്ച് *12* ഫയലുകളിലും ഈ ഒരു രേഖ കാണുവാൻ കഴിഞ്ഞിട്ടുണ്ട്.ഉള്ളൂർകരത്തോട് സംരക്ഷണം *wc:1604009004/FP/349075*എന്ന ഫയലിൽ കാണാൻ കഴിഞ്ഞില്ല

5. സാങ്കേതികാനുമതി

ഒരു പ്രവർത്തിക്കു സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നുള്ളതിന്റെ ആധികാരിക രേഖയാണ് സാങ്കേതികാനുമതി. *12* ഫയലുകളിലും സാങ്കേതിക അനുമതി ഫോം കാണുവാൻ സാധിച്ചു.ഉള്ളൂർകരത്തോട് സംരക്ഷണം *wc:1604009004/FP/349075*എന്ന ഫയലിൽ കാണാൻ കഴിഞ്ഞില്ല

6. സംയോജിത പദ്ധതി

പരിശോധിച്ച *13* ഫയലുകളിൽ *3* ഫയലുകൾ സംയോജിത പദ്ധതിയിൽ പെടുന്നവയാണ്.

* ജലസേചന കിണർ നിർമ്മാണം റീത്ത വരപ്പറമ്പിൽ

* ഇങ്ങോട്ട് ചാലിൽ കരികണ്ടൻപാറ റോഡ് നിർമ്മാണം

* ജലസേചന കിണർ നിർമ്മാണം ലിസി തങ്കച്ചൻ

7. തൊഴിലിനുള്ള അപേക്ഷ

ഫയലുകളുടെ പരിശോധനയ്ക്കിടയിൽ *5* ഫയലുകളിൽ തൊഴിലിനുള്ള അപേക്ഷകൾ കാണുവാൻ സാധിച്ചില്ല. എല്ലാ ഫയലുകളിലും*(* തൊഴിലിനുള്ള അപേക്ഷകൾ കാണുവാൻ സാധിച്ച ഫയലുകൾ*)* ഒരു നിർദ്ദിഷ്ട ഫോറത്തിൽ ഗ്രൂപ്പായാണ് അപേക്ഷ നൽകിയിരിക്കുന്നത്.

8. തൊഴിൽ അനുവദിച്ചതിന്റെ പകർപ്പ്

തൊഴിൽ അനുവദിച്ച കാര്യം രേഖാമൂലം തൊഴിലാളികളെ അറിയിക്കണമെന്നാണ് വ്യവസ്ഥ. പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ. പ്രവർത്തി അനുവദിച്ചതിന്റെ പകർപ്പ് ഒരു ഫയലുകളിലും കാണാൻ സാധിച്ചിട്ടില്ല.

9. മസ്റ്റർ റോൾ

പ്രവർത്തി സ്ഥലത്ത് തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തുന്ന രേഖയാണ് മസ്റ്റർ റോൾ. *13* ഫയലുകളിലും ഇത് കാണുവാൻ സാധിച്ചു . *13* ഫയലുകളിലെ മസ്റ്റർ റോളുകളിലും എം ബുക്ക് നമ്പർ, പേജ് നമ്പർ എന്നിവ കാണുവാൻ സാധിച്ചിട്ടില്ല. ചില മസ്റ്റർ റോളുകളിൽ വെട്ടിതിരുത്തലുകൾ കാണുവാൻ ഇടയായിട്ടുണ്ട്.

10. മെഷർമെന്റ് ബുക്ക്

പ്രവർത്തി ചെയ്ത അളവ് രേഖപ്പെടുത്തേണ്ട ആധികാരിക രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച് പ്രവർത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട മെഷർമെന്റ് ബുക്ക് സൂക്ഷിച്ചിരുന്നതായി കാണാൻ സാധിച്ചു. മസ്റ്റർ റോളുകൾക്ക് പാർട്ടുകളായി വേതനം നൽകുന്നുണ്ട്. ഫയലുകളുടെ എസ്റ്റിമേറ്റ് മെഷർമെന്റ് ബുക്ക് എന്നിവ പരിശോധിക്കുന്ന സമയത്ത് എസ്റ്റിമേറ്റ് അളവുകൾ അതുപോലെതന്നെ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു.

11. സാധന ഘടകം

ഫയലുകളിൽ നാലു ഫയലുകളിലെ സി ഐ ബി കാണുവാൻ സാധിച്ചിട്ടില്ല. രണ്ട് കിണർ നിർമാണവും കയ്യാല നിർമ്മാണവും . രണ്ട് ഫയലുകളിൽ സി ഐ ബിയുടെ ബില്ലും കാണുവാൻ സാധിച്ചില്ല.

12. **വേജ് ലിസ്റ്റ്**

പരിശോധിച്ച *3* ഫയലുകളിൽ വെയ്ജ് ലിസ്റ്റ് കാണുവാൻ സാധിച്ചു എന്നാൽ മുഴുവൻ മസ്റ്റർ റോളുകളുടെയും വെയ്ജ് ലിസ്റ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാക്കി *9* ഫയലുകളിൽ വെയിജ് ലിസ്റ്റ് പൂർണ്ണമായും ഇല്ലായിരുന്നു

13 **എഫ് ടി ഓ**

ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈൻ ആയിട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും പ്രസിഡണ്ടിന്റെയും ഒപ്പുകൾ രേഖപ്പെടുത്തുന്നത്.

പരിശോധിച്ച് ഫയലുകളിൽ ഒന്നും തന്നെ *F T O* കാണാൻ കഴിഞ്ഞില്ല

14. **മെറ്റീരിയൽ വൗച്ചർ**

ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ വൗച്ചർ.

13 വയലുകളിലും മെറ്റീരിയൽ വൗച്ചർ കാണുവാൻ സാധിച്ചു.

15. **റോയൽറ്റി**

റോയൽറ്റി നൽകിയ രേഖയാണോ എന്ന് അറിയുവാൻ സഹായിക്കുന്ന രേഖയാണിത്. പരിശോധിച്ച് ഫയലുകളിൽ ഒന്നും കാണുവാൻ സാധിച്ചില്ല.

16 **ഫോട്ടോസ്**

പ്രവർത്തനവുമായി ബന്ധപ്പെട്ട് *3* ഘട്ടങ്ങളിലെ ഫോട്ടോകൾ ഫയലുകൾ സൂക്ഷിക്കേണ്ടതാണ് പ്രവർത്തി ആരംഭം, പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്ന സമയത്ത്, പ്രവർത്തനം കഴിഞ്ഞതിനുശേഷം ഇങ്ങനെയുള്ള ഫോട്ടോകൾ ഒന്നും ഫയലിൽ കാണുവാൻ സാധിച്ചില്ല.

17. **പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി**

പ്രവർത്തി പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം.

13 ഫയലുകളിലും പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി കാണുവാൻ സാധിച്ചു. എന്നാൽ വെള്ളപേപ്പറിൽ കൈപ്പടയിൽ എഴുതിയ കോപ്പിയാണ് കാണുവാൻ കഴിഞ്ഞത്.

18. **മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്**

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും മസ്റ്റർ റോൾ അനുവദിച്ചു തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിൽ നടന്നു എന്ന് മനസ്സിലാക്കാൻ ഉള്ളതാണ് മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

13 ഫയലുകളിലും ഇത് കാണുവാൻ സാധിച്ചു എങ്കിലും വിവരങ്ങൾ അപൂർണമായിരുന്നു.

19. **ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോകൾ**

പ്രവർത്തികൾ ജിയോടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടാഗ് ഫോട്ടോഗ്രാഫ്.ജിയോ ടാഗ്സ് ഫോട്ടോഗ്രാഫ് ഫയലിൽ കാണുവാൻ കഴിഞ്ഞില്ല. ഫയലിൽ ഇത് ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

20. **സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

ഒരു പ്രവർത്തിയുടെ നേരവകാശികളായ സാധാരണജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ് തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതയാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണോ ലക്ഷ്യമിട്ട് അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ പ്രതീക്ഷിച്ച നേട്ടം പദ്ധതി മൂലം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് ടീമിന് രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും പ്രവർത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തു

നോക്കുകയും ചെയ്യുന്നു. പ്രത്യേകം വിളിച്ചുചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത് പ്രവൃത്തി സോഷ്യൽ ഓഡിറ്റിനു വിധേയമാണോ എന്ന് പരിശോധിക്കാൻ സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്. ആറുമാസം കൂടുമ്പോൾ നടത്തേണ്ടതാണ്.

21 **സൈറ്റ് ഡയറി**

തൊഴിലുറപ്പ് പ്രവർത്തി സ്ഥലത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കുന്നതിനുള്ള രേഖയാണ് സൈറ്റ് ഡയറി. പ്രവർത്തി സ്ഥലം സന്ദർശിക്കുന്ന പൊതു പ്രവർത്തകരും സാധാരണക്കാരും അവരുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ആക്ഷേപങ്ങളും എഴുതേണ്ടത് സൈറ്റ് ഡയറിയിൽ ആണ്. പ്രൊജക്റ്റ് മീറ്റിങ്ങിന്റെ മിനുട്സ് ഹാജർ സൈറ്റ് ഡയറിയുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്. തൊഴിലാളികൾക്ക്

ക് തൊഴിൽ സ്ഥലത്ത് അനുവദിച്ചു ആയിരിക്കണം സൗകര്യങ്ങളുടെ വിവരങ്ങളും ഇതിൽ നിർബന്ധമായും എഴുതണം ഓരോ തൊഴിലാളിയും പണിസ്ഥലത്ത് കൊണ്ടുവന്നിരിക്കുന്ന പണിയായുധങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തണം. ജാഗ്രതാ സമിതിയുടെ റിപ്പോർട്ടും സൈറ്റ് ഡയറിയുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്.മേറ്റിന്റെ വിലാസവും ഫോൺ നമ്പറും കൃത്യമായി സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതാണ്.

13 ഫയലുകളിൽ സൈഡ് ഡയറിയിൽ ചെക്ക്ലിസ്റ്റ് കണ്ടു, പ്രൊജക്റ്റ് മീറ്റിംഗ് നടത്തിയ വിശദാംശങ്ങൾ കാണുവാൻ കഴിഞ്ഞു വി എം സി റിപ്പോർട്ട് സൈഡ് യിൽ കണ്ണുകൾ ഒപ്പ രേഖപ്പെടുത്തിയിട്ടുണ്ട്

മട്ടനോടെ നീർത്തടത്തിൽ പരവൻ ജാതി വിഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണ പ്രവർത്തിയിൽ എന്ന ഫയലിൽ ചെക്ക് ലിസ്റ്റ് പ്രവർത്തിക്ക് ശേഷമുള്ള കോളങ്ങൾ ഫിൽ ചെയ്തതായി കാണുവാൻ കഴിഞ്ഞില്ല

എസ്റ്റിമേറ്റും പ്രവർത്തികളുടെ അളവുകളും

ഒരു പ്രവർത്തി നടപ്പാക്കുന്നതിനായി എൻജിനീയറിങ് വിഭാഗം തയ്യാറാക്കുന്ന സാങ്കേതിക രേഖയാണ് എസ്റ്റിമേറ്റ്. ഒരു പ്രവർത്തി എങ്ങനെ നടപ്പിലാക്കണമെന്ന് മാർഗനിർദേശം നൽകുന്ന ഒരു രേഖ കൂടിയാണിത്.

ഇതിൽ പദ്ധതിയുടെ പേര്, പദ്ധതിയിൽ ഏറ്റെടുക്കുന്ന വിവിധ ശീർഷത്തിൽപ്പെട്ട പ്രവർത്തികൾ അവയുടെ എണ്ണം, നീളം, വീതി, ആഴം, പൊക്കം, വ്യാപ്തം, ഒരു യൂണിറ്റിന് നൽകേണ്ടുന്ന തുക, ആകെ തുക എന്നിവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. സാധനസാമഗ്രികൾ വിദഗ്ധ അവിദഗ്ധ തൊഴിലാളികളുടെ എണ്ണം നൽകുന്ന കൂലി സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ ചിലവ് എന്നിവ നിർബന്ധമായും എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതാണ്. അളവുകളുടെ

അടിസ്ഥാനപ്പെടുത്തിയാണ് ബിൽ പാസാക്കുന്നത് വേദന നൽകുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്തിമാക്കുന്നത്.എന്നതിനാൽ അളവുകളും എണ്ണത്തെയും വ്യത്യാസത്തിനും ബാധ്യത ചുമതലപ്പെടുത്തുകയും ബന്ധപ്പെട്ട അധികാരികൾ തീർത്തും ഉത്തരവാദികളാക്കേണ്ടി വരും എന്നതും പ്രത്യേകം ശ്രദ്ധയിൽ പെടുത്തുന്നു.

• തൊഴിലാളികൾ കൂട്ടംചേർന്ന് അവർക്കാവശ്യമായ പ്രവർത്തികൾ തിരഞ്ഞെടുക്കുകയും എങ്ങനെ ജോലി ചെയ്യണം എന്ന് ചർച്ച ചെയ്തു വർക്ക് കലണ്ടർ തയ്യാറാക്കുകയും ചെയ്യുക ഓരോ മാസത്തെയും സവിശേഷതകളും ഗുണങ്ങളും കണക്കിലെടുത്ത് വേണം പ്രവർത്തികൾ തീരുമാനിക്കാൻ. • വർക്ക് കലണ്ടറനുസരിച്ച് തൊഴിലാളികൾക്ക് പുതിയ തരത്തിലുള്ള തൊഴിലും തൊഴിലിടവും കണ്ടെത്തുവാനും നിർദേശിക്കാനും അവകാശമുണ്ട് അധികമായി തൊഴിൽ പൂർണമായും ലഭിക്കാത്ത തൊഴിലാളികൾക്ക് അധികമായി തൊഴിൽ ലഭ്യമാവുകയും *100* പ്രവർത്തി ദിനങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചു.

ഗ്രാമപഞ്ചായത്തിനോട്

• കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എന്നിവ നടത്തുക.

• കൂടുതൽ പദ്ധതികളിൽ ഉൾപ്പെട്ടിരിക്കുന്നത് കയ്യാലകൾ ആണ് സ്ഥിര ആസ്തിയുള്ള പ്രവർത്തികൾ തിരഞ്ഞെടുക്കുക.

• വിദ്യാലയങ്ങൾക്ക് കളിസ്ഥലം ചുറ്റുമതിൽ എന്നിവ നിർമിച്ചു നൽകുക.

• ദേശീയ ഉപജീവന മിഷന്റെ *(NRLM)* സഹായത്തോടെ മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദഗ്ധ /അർദ്ധ വിദഗ്ധ തൊഴിലാളികൾ ആക്കി മാറ്റുക.

ഉദ്യോഗസ്ഥരോട്

• പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക. കേന്ദ്ര സർക്കാരിന്റെ ഇക്കാര്യത്തിലുള്ള മാർഗ്ഗനിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.

• മസ്റ്റർ റോൾ അനുവദിച്ച നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തീയതിയോട് കൂടിയ ഉപ്പ്, സീൽ എന്നിവ ഉറപ്പാക്കുക.

• ലേബർ ബഡ്ജറ്റ് വാർഷിക പദ്ധതി, സെൽഫ് പ്രൊജക്റ്റ്, വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുന്നതിന് തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെ യും പ്രാദേശിക വിദഗ്ധരുടെയും പങ്കാളിത്തം ഉറപ്പാക്കുക.

• കൃത്യമായ ഇടവേളകളിൽ തൊഴിൽ സ്ഥലങ്ങൾ സന്ദർശിക്കുക.

•തൊഴിലാളികൾ ആവശ്യപ്പെടുന്ന സമയങ്ങളിൽ കാലാവസ്ഥയ്ക്കനുസരിച്ച് പ്രകൃതി നൽകുക.

• പ്രവർത്തി സ്ഥലങ്ങളിൽ കുടിവെള്ളം തണൽ പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.

പ്രവർത്തി സംബന്ധിച്ച വിശദാംശങ്ങൾ

1. എരപ്പാം തോട് നീർത്തടത്തിൽ പൂവത്താം കുന്ന് ഭാഗം *1* കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ *(*മണ്ണ് കയ്യാല കല്ല് കയ്യാല നിർമ്മാണം*)*

Wc:1604009004/wc/327883

26-09-18 ന് ആരംഭിച്ച പ്രവർത്തി *8 -11 -18* ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ *563* തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. *177000* അടങ്കൽ തുകയുള്ള പ്രവർത്തിക്ക് *1126* രൂപ വാടകയിനത്തിൽ ഉം *152573* രൂപ വേദന ഇനത്തിലും *3000* രൂപ സൈറ്റ് ബോർഡ് ഇനത്തിലും ചെലവായി.

പ്രവർത്തി കഴിഞ്ഞ് ഫീൽഡ് സന്ദർശിച്ചപ്പോൾ ചില കയ്യാലകൾ മഴ വെള്ളം കുത്തിയൊലിച്ചത് കാരണം നശിച്ചതായി കാണാൻ കഴിഞ്ഞു, തൊഴിലാളികളും ആയുള്ള അഭിമുഖത്തിൽ പഞ്ചായത്തിൽ തൊഴിലിനുള്ള അപേക്ഷ നൽകുമ്പോൾ കൈപ്പറ്റി രസീതി ലഭിക്കാറില്ല എന്ന് മേറ്റ് മാരായ അജിഷ ജിഷി പറയുന്നു, റോഡ് സൈഡിലുള്ള സൈറ്റുകളിൽ മാത്രമേ പഞ്ചായത്ത് അധികൃതരും വിഎംസി കാരും എത്താറുള്ളൂ എന്ന് തൊഴിലാളിയായ മേരി കുര്യൻ അഭിപ്രായപ്പെട്ടു.

പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന എസ്റ്റിമേറ്റ് അളവ് പ്രകാരമല്ല പ്രവർത്തി ചെയ്യുന്നത് ചില സമയങ്ങളിൽ എസ്റ്റിമേറ്റ് അളവിനേക്കാൾ കൂടുതലായോ കുറവായോ പ്രവർത്തി ചെയ്യാറുണ്ട് എന്ന് തൊഴിലാളികൾ പറയുന്നു, എം ബുക്കിൽ *160m2* കയ്യാല നിർമ്മിച്ചതായി കാണാൻ കഴിഞ്ഞു അളവ് എടുത്തപ്പോൾ *286* മീറ്റർ നീളത്തിൽ കാണാൻ സാധിച്ചു.

*2.*എരപ്പാം തോട് നീർത്തടത്തിൽ പൂവത്താം കുന്ന് ഭാഗം *2* കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ *(*മണ്ണ് കയ്യാല കല്ല് കയ്യാല നിർമ്മാണം*)*

Wc:1604009004/wc/333174

*24-11-18*ന് ആരംഭിച്ച പ്രവൃത്തി *3 -1- 19* ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ *448* തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.*177000* രൂപ അടങ്കൽ തുകയുള്ള പ്രവർത്തിയ്ക്ക് *869* രൂപ പണിയായുധ വാടക ഇനത്തിലും *122304* രൂപ തൊഴിലാളികളുടെ വേദന ഇനത്തിലും *3000* രൂപ സൈറ്റ് ബോർഡ് ഇനത്തിലും ചെലവായി.

പ്രവർത്തി കഴിഞ്ഞ ഫീൽഡ് സന്ദർശിച്ചപ്പോൾ ചില കയ്യാലകൾ മഴ വെള്ളം കുത്തിയൊലിച്ച് നശിച്ചതായി കണ്ടു. തൊഴിലാളികളുമായുള്ള അഭിമുഖത്തിൽ നിന്നും ഗ്രാമസഭയുടെ തീയതി അവരെ നേരത്തെ അറിയിക്കണമെന്നും തൊഴിലുറപ്പ് ഉള്ള ദിവസങ്ങളിൽ ഗ്രാമസഭ വെക്കുന്നത് തൊഴിലാളികൾക്ക് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നു എന്നും തൊഴിലാളികൾ അഭിപ്രായപ്പെടുന്നു. പഞ്ചായത്തിലേക്കുള്ള പോക്കുവരവിന് ഒരുപാട് യാത്ര ചെലവ് ഉണ്ടാകുന്നുണ്ടെന്നും അതിനാൽ മറ്റു മാർക്ക് യാത്ര ചെലവ് അനുവദിക്കണമെന്ന് മേറ്റ് മാരായ അജീഷ ജിഷി എന്നിവർ അഭിപ്രായപ്പെട്ടു. ഭൂതത്താൻ കുന്നിൽ ജലക്ഷാമം അധികമായതിനാൽ വേനൽക്കാലം ആകുമ്പോഴേക്കും തൊഴിലുറപ്പ് അവസാനിപ്പിക്കണമെന്നു തൊഴിലാളികൾ അഭിപ്രായപ്പെടുന്നുതൊഴിലാളികൾ അഭിപ്രായപ്പെടുന്നു. കയ്യാലകൾ അളന്നപ്പോൾ *295* മീറ്റർ നീളം കാണാൻ സാധിച്ചു.

*3..*എരപ്പാം തോട് നീർത്തടത്തിൽ പൂവത്താം കുന്ന് ഭാഗം *3* കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ *(*മണ്ണ് കയ്യാല കല്ല് കയ്യാല നിർമ്മാണം*)*

Wc:1604009004/wc/334443

18-1-2019 ആരംഭിച്ച പ്രവർത്തി *9- 3 -19* ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ *560* തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. *208000* രൂപ അടങ്കൽ തുകയുള്ള പ്രവർത്തിയ്ക്ക് *1120* രൂപ പണിയായുധം വാടക ഇനത്തിലും *3000* രൂപ സൈറ്റ് ബോർഡ് ഇനത്തിലും ചെലവായി.

പ്രവർത്തി കഴിഞ്ഞ ഫീൽഡുകൾ സന്ദർശിച്ചപ്പോൾ ചില കയ്യാലകൾ നല്ല രീതിയിൽ ചില കയ്യാലകൾ പ്രളയം കാരണം. തൊഴിലാളികളുമായുള്ള അഭിമുഖത്തിൽ വേദനം കൃത്യസമയത്ത് ലഭിക്കാത്തതും സുരക്ഷിതമായ കുടിവെള്ളം ലഭിക്കാത്തതും തണലിനായുള്ള ഷീറ്റ് ലഭിക്കാത്തതും വലിയൊരു പ്രശ്നമായി തൊഴിലാളികൾ ഉന്നയിച്ചു. ഞായറാഴ്ച ദിവസങ്ങളിൽ തൊഴിലുറപ്പ് ഉണ്ടാകുന്നത് ക്രിസ്ത്യൻസ് ആയ തൊഴിലാളികൾക്ക് പള്ളിയിൽ പോകാൻ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന് തൊഴിലാളിയായ മേരി കുര്യൻ അഭിപ്രായപ്പെട്ടു. കൂടാതെ ഇടവിളകൃഷി ക്ക് ഉള്ള പ്രവർത്തികൾ കൃത്യസമയത്ത് ലഭിക്കുന്നില്ല എന്നു പറയുന്നു. അളവ് എടുത്തപ്പോൾ *279* മീറ്റർ നീളം കാണാൻ സാധിച്ചു എം ബുക്കിൽ *45 m3* കണ്ടു.

4. എരപ്പാം തോട് നീർത്തടത്തിൽ കരികണ്ടൻ പാറ ഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവൃത്തികൾ *(*കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം*)*

Wc:1604009004/wc/327881

പ്രവർത്തി ആരംഭിച്ച തീയതി *29- 9- 18* പ്രവർത്തി അവസാനിച്ചത് *11 -5- 18* ന്. ഈ *398* തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരുന്നു. വേദന ഇനത്തിൽ*107858* രൂപ നൽകിയതായി കണ്ടു.

പ്രവർത്തി നടന്ന സ്ഥലങ്ങൾ പരിശോധിച്ചപ്പോൾ നല്ല രീതിയിലുള്ള പ്രവർത്തികൾ ആണ് കാണാൻ കഴിഞ്ഞത്. കൂടാതെ തൊഴിലാളികളുമായുള്ള അഭിമുഖത്തിൽ തൊഴിലുറപ്പ് കൂലി കൂട്ടി നൽകണമെന്നു തൊഴിലാളികൾ അഭിപ്രായപ്പെട്ടു. എം ബുക്ക് അളവ് പരിശോധിച്ചപ്പോൾ *1318* മീറ്റർ കാണാൻ കഴിഞ്ഞു ഞങ്ങൾ അളവ് എടുത്തപ്പോൾ *717* മീറ്റർ നീളത്തിൽ കയ്യാലകൾ കാണാൻ കഴിഞ്ഞു. കൂടാതെ ഫസ്റ്റ് എയ്ഡ് ബോക്സിൽ തണൽ എന്നിവയൊന്നും ലഭിക്കുന്നില്ലെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

*5*എരപ്പാം തോട് നീർത്തടത്തിൽ കരികണ്ടൻ പാറ ഭാഗം *2* കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവൃത്തികൾ *(*കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം*)*

Wc:1604009004/wc/333172

പ്രവർത്തി ആരംഭിച്ചത് *24-11 -18* ന് പ്രവർത്തി അവസാനിച്ചത്. *21 -12 -18* ന് *623* തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരുന്നു. വേദന ഇനത്തിൽ *1,68833* രൂപയും വാടക ഇനത്തിൽ *1246* രൂപയും നൽകിയിരുന്നു. പ്രവർത്തി നടന്ന സ്ഥലങ്ങൾ പരിശോധിച്ചപ്പോൾ നല്ല രീതിയിലുള്ള വർക്കുകളാണ് കാണാൻ കഴിഞ്ഞത്. എം ബുക്ക് പരിശോധിച്ചപ്പോൾ *1563 m3* ആണ് വിസ്തീർണ്ണം കാണാൻ കഴിഞ്ഞത്, അളവ് എടുത്തപ്പോൾ *294* മീറ്റർ നീളം അളവെടുക്കാൻ സാധിച്ചു തൊഴിലാളികളുമായുള്ള സംഭാഷണത്തിൽ കൂലി കിട്ടാൻ വൈകുന്നത് അവർക്ക് വളരെ ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നും തൊഴിലാളികൾ പറയുന്നു. ചില വീട്ടുകാർക്ക് ചികിത്സാച്ചെലവിന് പോലും ഈ കൂലി ആയിരുന്നു ഉപയോഗിച്ചു കൊണ്ടിരുന്നത് എന്നാൽ ഇപ്പോൾ കൂലി കിട്ടാത്തത് അവരെ വളരെ അധികം പ്രയാസപ്പെടുന്നു

*6.*എരപ്പാം തോട് നീർത്തടത്തിൽ കരികണ്ടൻ പാറ ഭാഗം *3* കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവൃത്തികൾ *(*കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം*)*

Wc:1604009004/wc/33444

പ്രവൃത്തി ആരംഭിച്ചത് *18 1 19* ന് പ്രവർത്തി അവസാനിച്ചത് *26 2 19* ന്

ഈ പ്രവർത്തിയിൽ *732* തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരുന്നു വേദന ഇനത്തിൽ *198372* രൂപയും വാടക ഇനത്തിൽ *1464* രൂപയും നൽകിയിരുന്നു പ്രവർത്തി നടന്ന സ്ഥലങ്ങൾ പരിശോധിച്ചപ്പോൾ നല്ല രീതിയിലുള്ള പ്രവർത്തികളാണ് കാണാൻ കഴിഞ്ഞത് എം ബുക്ക് പരിശോധിച്ചപ്പോൾ*1288m2* വിസ്തീർണം ആണ് കണ്ടത് അപ്പോൾ *426* മീറ്റർ നീളത്തിൽ കയ്യാലകൾ കാണാൻ കഴിഞ്ഞു. തൊഴിലാളികളും ആയുള്ള അഭിമുഖസംഭാഷണത്തിൽ ജോമോൾ *(KL04009006/26)* എന്ന തൊഴിലാളിക്ക് മാത്രം അവർ ചെയ്ത പണിയുടെ കൂലി ലഭിച്ചിട്ടില്ല. മറ്റുള്ളവർക്കെല്ലാം ആ പണിയുടെ കൂലി ലഭിച്ചിട്ടുണ്ട്. സ്മിത*(KL04009006/06)* എന്ന തൊഴിലാളിയുടെ കൂലി ബാങ്കിൽ വന്നതിനു ശേഷം തിരിച്ചു പോയതാണെന്നും അത് കിട്ടിയിട്ടില്ല എന്നും മേറ്റ് പറയുന്നു

7. ജലസേചന കിണർ നിർമ്മാണം റീത്ത വരപറമ്പിൽ വാർഡ് *6*

Wc:1604009004/IF/342680

പ്രവർത്തി ആരംഭിച്ചത് *11- 1- 19* പ്രവർത്തി അവസാനിച്ചത് *26 -1 -19* ന് ഈ പ്രവർത്തിയിൽ വിദഗ്ധ തൊഴിലാളികൾക്ക് *70* തൊഴിൽ ദിനവും അവിദഗ്ധ തൊഴിലാളികൾക്ക് *68* തൊഴിൽ ദിനവും സൃഷ്ടിച്ചു. വേദന ഇനത്തിൽ വിദഗ്ധ തൊഴിലാളികൾക്ക് *50750* രൂപയും അവിദഗ്ധ തൊഴിലാളികൾക്ക്*18428* രൂപയും നൽകിയിരുന്നു

കിണർ പരിശോധിച്ചപ്പോൾ *CIB* കാണാൻ സാധിച്ചില്ല.

8. ഈങ്ങോറചാലിൽ കരികണ്ടൻ പാറ റോഡ് നിർമ്മാണം

Wc:1604009004/RC/279852

പ്രവർത്തി ആരംഭിച്ചത് *16- 3- 19* ന് പ്രവർത്തി അവസാനിച്ചത് *23 3 19* ന് ഈ പ്രവർത്തിയിൽ വിദഗ്ധ തൊഴിലാളികൾ *46,* അവിദഗ്ധർക്ക് *76* തൊഴിൽദിനങ്ങളും സൃഷ്ടിച്ചിരുന്നു. വേദന ഇനത്തിൽ വിദഗ്ധ തൊഴിലാളികൾക്ക് *39830* രൂപയും അവിദഗ്ധർക്ക് *20596* രൂപയും നൽകിയിരുന്നു

ഫീൽഡ് സന്ദർശിച്ചപ്പോൾ സൈറ്റ് ബോർഡ് ഉള്ള റോഡിന്റെ അളവ് വരുന്നത് *120* മീറ്റർ ആണ് എന്നാൽ പരിസരവാസികളും വാർഡ് മെമ്പറുംആ റോഡ് തൊഴിലുറപ്പിൽ എടുത്തതല്ല എന്ന് അഭിപ്രായപ്പെടുന്നു കൂടാതെ മേറ്റുമായി സംസാരിച്ചപ്പോൾ ആ റോഡ് തന്നെയാണ് പണിയെടുത്തത് എന്നും പറയുന്നു. റോഡിന്റെ കാര്യത്തിൽ ഞങ്ങൾ വി ആർ പി മാർക്ക് ഒരു വ്യക്തതയും ലഭിച്ചിട്ടില്ല.

9. ഉള്ളൂർക്കര തോട് സംരക്ഷണം*wc:1604009004/FP/349075*

പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോൾ സൈറ്റ് ബോർഡ് കാണാൻ സാധിച്ചിട്ടുണ്ട്. *82* നീളത്തിൽ റോഡ് പണി എടുത്തതായി കാണാൻ സാധിച്ചു.

*10.*എരപ്പാം തോട് നീർത്തടത്തിൽ എരപ്പാം തോട് ഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ *(*കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം*)*

Wc:1604009004/w c/327872

29 -9- 18 ആരംഭിച്ച പ്രവർത്തി *28 -10 -18* പൂർത്തീകരിച്ചു. *176000* രൂപ അടങ്കൽ തുകയുള്ള പ്രവർത്തിയ്ക്ക് *579* തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രവർത്തിയിൽ വാടകയിനത്തിൽ *798* രൂപയും വേദന ഇനത്തിൽ *156909* രൂപയും ചെലവായതായി കണ്ടു.

പ്രവർത്തി കഴിഞ്ഞ ഫീൽഡ് സന്ദർശിച്ചപ്പോൾ വർക്കുകൾ എല്ലാം നല്ല രീതിയിൽ കാണാൻ കഴിഞ്ഞു തൊഴിലാളികളും ആയുള്ള അഭിമുഖസംഭാഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത് കാലതാമസം എടുത്താണ് കൂലി ലഭിക്കുന്നത് പഞ്ചായത്തിൽ തൊഴിലിന് അപേക്ഷിക്കുമ്പോൾ കൈപ്പറ്റി റസീറ്റ് ലഭിക്കുന്നില്ല പഞ്ചായത്തിൽ തൊഴിലിന് അപേക്ഷിച്ചിട്ടും മസ്റ്റർ റോൾ പേര് വരാതിരുന്നിട്ടുണ്ടെന്ന് തൊഴിലാളി(റൂബി മാത്യു*(KL04009006/06))* അഭിപ്രായപ്പെട്ടു. മുൻ വർഷങ്ങളിൽ പ്രവർത്തി സ്ഥലത്തുവച്ച് അപകടം സംഭവിച്ച തൊഴിലാളികൾക്ക്(ജാനകി കണ്ണൻ ചെക്കിണി സുമതി) ചെലവായ ചികിത്സാ തുക ഇതുവരെയും ലഭിച്ചിട്ടില്ല. ചെലവായ തുകയുടെ ബിൽ പഞ്ചായത്തിൽ എത്തിച്ചിട്ടുണ്ട് പഞ്ചായത്ത് അധികൃതർ വേണ്ടതെന്നും ചെയ്തിട്ടില്ലെന്ന് തൊഴിലാളികൾ പറയുന്നു ലതാ നാരായണനെന്ന ഭൂവുടമയുടെ പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോൾ പ്രവൃത്തി ഒന്നും തന്നെ ചെയ്തിട്ടില്ലെന്ന് ബോർഡ് പറയുന്നു എന്നാൽ പ്രവൃത്തി എടുത്ത ഭൂഉടമകളുടെ ലിസ്റ്റിൽ ഇവരുടെ പേരും ഉൾപ്പെട്ടതായികാണാൻ സാധിച്ചു. എം ബുക്കിൽ *887 m2* രേഖപ്പെടുത്തിയത് കാണാൻ കഴിഞ്ഞു കയ്യാലകൾ അളവ് എടുത്തപ്പോൾ *227* മീറ്റർ കയ്യാല ഞങ്ങൾക്ക് കാണാൻ സാധിച്ചു.

*11.*എരപ്പാം തോട് നീർത്തടത്തിൽ എരപ്പാം തോട് ഭാഗം *2* കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ *(*കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം*)*

Wc:1604009004/wc/33173

24 -11 -18 ആരംഭിച്ച പ്രവർത്തി *28 -12- 18*ന് പൂർത്തീകരിച്ചു. *176000* രൂപ അടങ്കൽ തുക ഉള്ള പ്രവർത്തിക്ക് *593* തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വേദന ഇനത്തിൽ*161505* രൂപയും വാടകയിനത്തിൽ *802* രൂപയും ചെലവായതായി കണ്ടു. പ്രവർത്തി കഴിഞ്ഞ ഫീൽഡ് സന്ദർശിച്ചപ്പോൾ വർക്കുകൾ എല്ലാം നല്ല രീതിയിൽ കാണാൻ സാധിച്ചു പ്രവർത്തി പൂർത്തീകരിച്ചത് ബോർഡ് പ്രവർത്തി സ്ഥലത്ത് കാണാൻ സാധിച്ചിട്ടുണ്ട് തൊഴിലാളികളുമായുള്ള അഭിമുഖ സംഭാഷണത്തിൽ നിന്നും അറിയാൻ കഴിഞ്ഞത്, എല്ലാ തൊഴിലാളികൾക്കും നൂറ് പണി ലഭിക്കുന്നുണ്ട് കുടിവെള്ളം എന്നിവ ലഭ്യമാകുന്നില്ല തൊഴിലാളിയായ സാറാമ്മ *(KL04009004006/4)* അഭിപ്രായപ്പെട്ടു. *5* കിലോമീറ്റർ ദൂരപരിധി പുറത്തു തൊഴിൽ ചെയ്യേണ്ടി വരുന്നുണ്ടെന്ന് തൊഴിലാളികൾ പറയുന്നു ആയതിനാൽ ഒരേസമയം എല്ലാ സൈറ്റിലും എത്തിപ്പെടാൻ ബുദ്ധിമുട്ടാണെന്ന് മേറ്റ്മാർ അഭിപ്രായപ്പെട്ടു. ഫസ്റ്റ് എയ്ഡ് ബോക്സ് എല്ലാ സൈറ്റിലും ലഭ്യമാകുന്നില്ല രണ്ട് സൈറ്റിൽ വർക്ക് നടക്കുമ്പോൾ ഒരു സൈറ്റിൽ മാത്രമേ ഫസ്റ്റ് എയ്ഡ് ബോക്സ് ലഭ്യമാകുന്നുള്ളൂ മാറി തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് എട്ടാം വാർഡിൽ ഉള്ള തൊഴിലാളികൾ ആറാം വാർഡിൽ തൊഴിലെടുക്കുന്നു അതുകൊണ്ടുതന്നെ ഇങ്ങനെ പണിയെടുക്കുമ്പോൾ കണക്കുകൾ പഞ്ചായത്തിൽ എത്തിക്കുന്നതിൽ പല കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ടെന്നും ബുദ്ധിമുട്ടാണെന്നും മേറ്റ് അഭിപ്രായപ്പെട്ടു. എം ബുക്കിൽ *1318 m2* രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചു. *283* മീറ്റർ നീളത്തിൽ അളവ് എടുക്കാൻ സാധിച്ചു.

*12..*എരപ്പാം തോട് നീർത്തടത്തിൽ എരപ്പാം തോട് ഭാഗം *3* കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ *(*കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം*)*

Wc:1604009004/wc/333442

18- 1 -19 ന് ആരംഭിച്ച പ്രവർത്തി *28 -2 -19* നു പൂർത്തീകരിച്ചു. *215000* രൂപ അടങ്കൽ തുകയുള്ള പ്രവർത്തിക്കുക*772* തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വേദന ഇനത്തിൽ *209212* രൂപയും വാടകയിനത്തിൽ *1544* രൂപയും ചെലവായതായി കണ്ടു.

പ്രവർത്തി സ്ഥലം പരിശോധിച്ചപ്പോൾ വർക്കുകൾ നല്ല രീതിയിൽ കാണാൻ സാധിച്ചു. തൊഴിലാളികളുമായി ഉള്ള അഭിമുഖത്തിൽ അറിയാൻ കഴിഞ്ഞത് മേറ്റ് മാർക്ക് എത്തിപ്പെടാനുള്ള ബുദ്ധിമുട്ടുകാരണം ചില ദിവസത്തെ മസ്റ്റർ റോളിൽ മേറ്റ്മാർ തന്നെ ഒപ്പിടുന്നതിനാൽ തൊഴിലാളികൾക്ക് ഒപ്പിടാൻ സാധിക്കുന്നില്ലെന്ന് തൊഴിലാളികൾ സാറാമ്മ *(KL04009004006/4)* അഭിപ്രായപ്പെട്ടു. പ്രവർത്തി സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ കയ്യാലകൾ നിർമ്മിക്കുന്നത് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന കൃത്യ അളവ് പ്രകാരമല്ല ഏകദേശ അളവ് വച്ചാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. പാട്ടകൃഷി സമയത്ത് ലഭിക്കുന്നില്ല കൃഷിയുടെ സമയ പരിധിക്ക് ശേഷമാണ് ലഭിക്കുന്നതെന്ന് തൊഴിലാളികൾ പറയുന്നു. പഞ്ചായത്തിലും പ്രവർത്തി സ്ഥലങ്ങളിലും പോക്കുവരവിനുള്ള ചെലവ് സ്വയം വഹിക്കേണ്ടി വരുന്നു ആയതിനാൽ യാത്ര ചെലവ് അനുവദിച്ച് തരണമെന്ന് മേറ്റുമാർ *(*റൂബി *(KL04009004006/60))* അഭിപ്രായപ്പെട്ടു. എം ബുക്കിൽ*1084m2* അളവു രേഖപ്പെടുത്തിയതായി കണ്ടു. ഞങ്ങൾ അളവെടുത്തപ്പോൾ *449* നീളത്തിൽ കയ്യാല അളവെടുക്കാൻ സാധിച്ചു.

13. ലിസി തങ്കച്ചൻ കിണർ നിർമ്മാണം വാർഡ്

Wc:1604009004/IF/342679

*11-1-19*ന് ആരംഭിച്ച പ്രവർത്തി പൂർത്തീകരിച്ചത് *26- 1- 19*ന് *84000* രൂപ അടങ്കൽ തുകയുള്ള പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് *70* തൊഴിൽ ദിനങ്ങളും അവിദഗ്ധ തൊഴിലാളികൾക്ക് *68* തൊഴിൽദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. വിദഗ്ധ തൊഴിലാളികൾക്ക് വേദന ഇനത്തിൽ *18567* രൂപയും അവിദഗ്ധ തൊഴിലാളികൾക്ക് *50750* രൂപയും വാടക ഇനത്തിൽ *139* രൂപയും ചെലവാക്കിയതായി കാണാൻ കഴിഞ്ഞു

പ്രവർത്തി സന്ദർശിച്ചപ്പോൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ബോർഡോ എഴുത്തോ ഒന്നും തന്നെ കാണാൻ കഴിഞ്ഞിട്ടില്ല.

ഗ്രാമസഭ റിപ്പോർട്ട്

ആറാം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ *2 30* ന് പോറളി അംഗനവാടിയിൽ വെച്ച് നടന്നു. *84* തൊഴിലാളികൾ ഗ്രാമസഭയിൽ പങ്കെടുത്തു. കൂടാതെ വാർഡ് മെമ്പർ മേരി ടീച്ചർ, ഓവർസിയർ ഹർഷ, ചെയർ പേഴ്സണൽ ബീന പ്രഭ എന്നിവർ ഗ്രാമസഭയിൽ പങ്കെടുത്തു

അധ്യക്ഷസ്ഥാനം അലങ്കരിച്ചത് ഷെറിൻ തോമസ് എന്ന തൊഴിലാളിയാണ്. സ്വാഗതം പറഞ്ഞത് വാർഡ് മെമ്പർ മേരി ടീച്ചറായിരുന്നു. ഇതോടെ ഗ്രാമസഭക്ക് തുടക്കം കുറിച്ചു. ശേഷം പ്രതിജ്ഞ ചൊല്ലിക്കൊടുത്തത് വി ആർ പി അനു ആയിരുന്നു. ആമുഖവും അവകാശങ്ങളെക്കുറിച്ചുള്ള വിശദീകരണവും നടത്തിയത് ആര്യ യായിരുന്നു. ഫയൽ പരിശോധനയുടെ റിപ്പോർട്ട് അവതരിപ്പിച്ചത് അനു ആയിരുന്നു. ഫീൽഡ് പരിശോധനയുടെ റിപ്പോർട്ട് വി ആർ പി അനുവും ,വി ആർ പി ആര്യയും ചേർന്ന് വിശദീകരിച്ചു.

ചർച്ചയിൽ മറുപടി നൽകിയിരിക്കുന്നത് ചെയർപേഴ്സൺ ബീന പ്രഭ ആയിരുന്നു.

* ചർച്ചയിൽ പ്രധാനമായും ഉയർന്നുവന്നത് വേതനം കിട്ടുന്നില്ല എന്ന പരാതിയായിരുന്നു.

= ഇതിന് ചെയർപേഴ്സൻ പറഞ്ഞ മറുപടി പഞ്ചായത്തിൽ എല്ലാതരത്തിലുള്ള പ്രവർത്തനങ്ങളും കൃത്യസമയത്ത് നടക്കുന്നുണ്ട്. കൂലി വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമല്ല. എന്നതായിരുന്നു.

* ചികിത്സാ ചെലവ് ലഭിച്ചിട്ടില്ല എന്നതായിരുന്നു ക്ലാരമ്മ ജോസഫ് എന്ന തൊഴിലാളിയുടെ പരാതി

= അപകടം പറ്റിയ അന്ന് മസ്ട്രോളിൽ ഒപ്പിടിട്ടില്ലായിരുന്നോ എന്നതായിരുന്നു ചെയർപേഴ്സൺന്റെ ചോദ്യം ഉണ്ടെന്നായിരുന്നു തൊഴിലാളിയിൽ നിന്നും ഉയർന്നുവന്ന മറുപടിയും. ആ ചികിത്സ ചെലവ് അതിൽ കഴിച്ചു എന്നതായിരുന്നു ചെയർപേഴ്സൺന്റെ ഉത്തരം.

* എരപ്പൻതൊട്ഭാഗം മാറ്റ് സൈറ്റിൽ വരുന്നില്ലെന്നും, തൊഴിലാളികളുടെ ഒപ്പ് മാറ്റ് തന്നെ ഇടുകയാണ് എന്നും പരാതിപ്പെട്ടു.

= ഒപ്പ് മറ്റൊരാൾ ഇടാൻ പാടില്ലെന്ന് ചെയർപേഴ്സൺ പറയുകയുണ്ടായി.

- ഇതിന് ഒരു ഊന്നൽ എന്നവണ്ണം വി ആർ പി മാരും ഇടപെട്ടു കൊണ്ട് ഒരിക്കലും ചെയ്യുവാൻ പാടില്ല എന്ന് പറയുകയുണ്ടായി.

* കുടിവെള്ളം തണൽ എന്നിവ ലഭിക്കുന്നില്ല എന്നതായിരുന്നു അടുത്ത പരാതി.

= ഇതിനു മറുപടിയായി അടുത്ത പണി മുതൽ എത്തിക്കാൻ ശ്രമിക്കാം എന്നായിരുന്നു മറുപടി നൽകിയത്.

* പ്രായപരിധി നോക്കിയിട്ട് മാറ്റിനെ തിരഞ്ഞെടുക്കുക എന്നതായിരുന്നു തൊഴിലാളികളിൽ നിന്നും

ഉയർന്നു വന്ന മറ്റൊരു അഭിപ്രായം

= ഇതിന് മറുപടിയായി ഒന്നും ചേയർ പേഴ്സൺ പറയുകയുണ്ടായില്ല

* ഞായറാഴ്ചകളിൽ പള്ളിയിൽ പോകുവാൻ ഉള്ളത് കാരണം ഞായർ തൊഴിലുറപ്പിന് അവധി വേണമെന്നായിരുന്നു തൊഴിലാളികളിൽ ഒരാൾ അഭിപ്രായപെട്ടത്.

= വാർഡ് മെമ്പറുമായി ആലോചിച്ചു തീരുമാനിക്കാം എന്ന് ചെയർപേഴ്സൺ മറുപടി നൽകി.

**ADS* മാത്രമേ മാറ്റ് ആവാൻ പാടുള്ളുവോ*???* എന്ന ചോദ്യം ഈ വാർഡിലും ഉയർന്നു.

= *ADS*ന് മാത്രമേ മാറ്റവാൻ പാടുള്ളൂ എന്ന് ചെയർപേഴ്സൺ മറുപടി നൽകി.

= ഇതിന്റെ ഒപ്പം തന്നെ വാർഡ് മെമ്പർ മേരി ടീച്ചർ മറുപടി പറയുകയുമുണ്ടായി, കായണ്ണ പഞ്ചായത്തിൽ മാത്രമേ ഈ നിയമം ബാധകം ആയുള്ളൂ എന്നു തോന്നുന്നു.

= ഞങ്ങളോട് ഇതിന്റെ സംശയനിവാരണത്തിനായി ചോദിച്ചപ്പോൾ കൃത്യമായ മറുപടി പറയുവാൻ സാധിച്ചില്ല. പഞ്ചായത്തിൽ നിന്നും ഉയർന്നുവന്ന മറുപടി തന്നെ ഞങ്ങൾ അവിടെ ആവർത്തിച്ചു.

നന്ദി സാറമ്മ എന്ന തൊഴിലാളിയായിരുന്നു പറഞ്ഞത്. ഇതിനോടൊപ്പം ഈ തൊഴിലാളി കൂട്ടിച്ചേർക്കുകയുണ്ടായി, ഇനിമുതൽ ട്രെയിനിങ് കിട്ടിയവർക്ക് മാത്രമേ മാറ്റ് ആവാൻ സാധിക്കുകയുള്ളൂ എന്ന്. നാലുമണിയോടെ ഗ്രാമസഭ അവസാനിച്ചു.